## പരിശീലനാർത്ഥികൾക്കും ഇ.പി.എഫ്. നിയമം ബാധകമാക്കിയ ഉത്തരവ് റദ്ദാക്കി

### മദ്ധ്യപ്രദേശ് ഹൈക്കോടതി

W.P. No. 6207/2016 Dt. 28.6.2017

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്
ഓർഗനൈസേഷൻ
x
ഫോഴ്സ് മോട്ടോഴ്സ് ലിമിറ്റഡ്

ഫാക്ടറിയിൽ 3126 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. അതിൽ 1223 പേർ സ്ഥാപനത്തിന്റെ സ്റ്റാന്റിങ് ഓർഡർ പ്രകാരമുള്ള പരിശീലനാർത്ഥികളാണ്. അതിനാൽ, ബാക്കിയുള്ള 1903 തൊഴിലാളികളുടെ പേരിൽ മാത്രമാണ് സ്ഥാപനം ഇ.പി.എഫ്. വിഹിതം അടച്ചുകൊണ്ടിരുന്നത്. അങ്ങനെയിരിക്കെ ഇ.പി.എഫ്. അധികൃതർ ഫാക്ടറിയിൽ പരിശോധന നടത്തി. പരിശീലനാർത്ഥികളാണെന്ന് തൊഴിലുടമ അവകാശപ്പെട്ട 1223 പേർ യഥാർത്ഥത്തിൽ സാധാരണ തൊഴിലാളികളാണെന്നും അവരുടെ പേരിൽ വിഹിതമടയ്ക്കുന്നത് ഒഴിവാക്കാൻ വേണ്ടിയാണ് തൊഴിലുടമ അവരെ പരിശീലനാർത്ഥികൾ എന്ന് വിളിക്കുന്നതെന്നും ഇ.പി.എഫ്. അധികൃതർ റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കാനുള്ള അന്വേഷണ നടപടികൾ അധികൃതർ ആരംഭിച്ചു. തൊഴിലുടമയുടെ അവകാശവാദങ്ങൾ തള്ളിക്കളഞ്ഞ റീജണൽ പി.എഫ്. കമ്മീഷണർ പരിശീലനാർത്ഥികൾക്കും ഇ.പി.എഫ്. നിയമം ബാധകമാക്കിയും വിഹിതം നിർണ്ണയിച്ചും ഉത്തരവിട്ടു. ഇതിനെതിരെ തൊഴിലുടമ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിച്ചു. തൊഴിലുടമയുടെ വാദങ്ങൾ അംഗീകരിച്ച ട്രൈബ്യൂണൽ റീജണൽ പി.എഫ്. കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ ഇ.പി.എഫ്. ഓർഗനൈസേഷൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. അപ്രന്റീസ് നിയമപ്രകാരമുള്ളവരല്ലാത്ത പരിശീലനാർത്ഥികൾക്ക് ഇ.പി.എഫ്. നിയമം ബാധകമാണെന്ന് ഇ.പി.എഫ്.ഒ. വാദിച്ചു. പരിശീലനാർത്ഥികൾക്ക് ബോണസ് നൽകിയതും ഫാക്ടറി ലൈസൻസിന് അപേക്ഷിച്ചപ്പോൾ തൊഴിലാളികളുടെ എണ്ണം 2001-നും 5000-നും ഇടയിലാണെന്ന് കാണിച്ചതും ഇ.പി.എഫ്.ഒ.യുടെ വാദങ്ങൾ ശരിവയ്ക്കുന്നതാണെന്ന് ഇ.പി.എഫ്.ഒ. ചൂണ്ടിക്കാട്ടി. ബോണസ് നല്കിയതുകൊണ്ടോ ഫാക്ടറി ലൈസൻസിനുള്ള അപേക്ഷയിൽ പരിശീലനാർത്ഥികളടക്കമുള്ളവരെ തൊഴിലാളികളുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയതുകൊണ്ടോ പരിശീലനാർത്ഥികൾ സാധാരണ തൊഴിലാളികളാകില്ലെന്ന് ട്രൈബ്യൂണൽ നിരീക്ഷിച്ചത് ഹൈക്കോടതി ശരിവച്ചു. സ്ഥാപനത്തിന്റെ സ്റ്റാന്റിങ് ഓർഡേഴ്സ് അനുസരിച്ച് നിയോഗിക്കപ്പെട്ട പരിശീലനാർത്ഥികൾ തൊഴിലാളികളുടെ ഗണത്തിൽ ഉൾപ്പെടില്ലെന്നു വിലയിരുത്തിയ ഹൈക്കോടതി ട്രൈബ്യൂണലിന്റെ ഉത്തരവ് ന്യായവും നിയമപരവുമാണെന്ന് പ്രഖ്യാപിക്കുകയും റീജണൽ പി.എഫ്. കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു.